പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 262 — 26.09.2016 -ൽ മറുപടിക്ക്.

## റേഷൻ സാധനങ്ങളുടെ വിതരണവും അളവും പരിശോധിക്കുന്നതിന് നടപടി

| ചോദ്യം<br>**ശ്രീ.മോൻസ് ജോസഫ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) റേഷൻ സാധനങ്ങളുടെ വിതരണവും അളവും കൃത്യമായി പരിശോധിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) റേഷൻ സാധനങ്ങളുടെ തിരിമറി / മറിച്ച് വില്പന എന്നിവ തടഞ്ഞ്, കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ അനുവദിക്കപ്പെട്ടിട്ടുള്ള അളവിൽ വിതരണം നടത്തുന്നത് പരിശോധിക്കാനായി ശക്തമായ പരിശോധന സംവിധാനം വകുപ്പ് തലത്തിൽ ഉണ്ട്. റേഷൻ സാധനങ്ങളുടെ സ്റ്റോക്ക്, വിതരണ തോത്, വില വിവരം എന്നിവ പൊതു ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പാലിക്കപ്പെട്ടുന്നുണ്ട് എന്ന് പരിശോധന ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുകയും ചെയ്യുന്നു. സിവിൽ സപ്ലൈസ് വെബ്സൈറ്റിലൂടെയും എല്ലാ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും പ്രതിമാസ വിതരണ തോത് മാസാദ്യത്തിൽ തന്നെ പ്രസിദ്ധീകരിച്ച് വരുന്നു. നിയമലംഘനം നടത്തുന്നവർക്കെതിരെ 1977 ലെയും 1980 ലെയും Kerala Essential commodities maintenance of account and display of price and stock order അനുസരിച്ച് ശക്തമായ നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) എ.പി.എൽ, ബി.പി.എൽ കാർഡുകൾക്ക് ഒരു മാസം വിതരണം ചെയ്യേണ്ട ഭക്ഷ്യ സാധനങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ ; | (ബി) ബി.പി.എൽ /എ.എ.വൈ കാർഡുടമകൾക്ക് പ്രതിമാസം പരമാവധി 35 കിലോഗ്രാം ഭക്ഷ്യ ധാന്യം; ആയതു ലഭ്യമാകുന്ന സ്റ്റോക്കിന്റെ അടിസ്ഥാനത്തിൽ അരി 25 കിലോഗ്രാമും ബാക്കി ഗോതമ്പും നൽകി വരുന്നു. സ്റ്റോക്കിന്റെ ലഭ്യത കുറവ് കാരണം ഗോതമ്പ് നിലവിൽ പരമാവധി 8 കിലോഗ്രാം വരെ വിതരണം നടത്തുന്നു. എ.പി.എൽ വിഭാഗത്തിന് സ്റ്റോക്കിന്റെ ലഭ്യതയ്ക്കനുസരിച്ച് 10 കിലോഗ്രാം അരിയും 2 കിലോഗ്രാം ഗോതമ്പും നൽകി വരുന്നു. കൂടാതെ |

| | | |
|---|---|---|
| | | ബി.പി.എൽ /എ.എ.വൈ കാർഡിലെ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാര കിലോ ഗ്രാമിന് 13.50 രൂപ നിരക്കിൽ അനുവദിച്ചിട്ടുണ്ട്. എ.പി.എൽ വിഭാഗം കാർഡുകൾക്ക് ഓണം ഉത്സവകാല സ്പെഷ്യൽ പഞ്ചസാര കാർഡ് ഒന്നിന് കിലോഗ്രാമിന് 13.50 രൂപ നിരക്കിലും ലഭ്യമാക്കുന്നു. |
| (സി) | ഇവയുടെ സ്റ്റോക്കും, വിതരണ വിവരവും, അളവും പൊതു ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) നിലവിൽ നിശ്ചിത മാതൃകയിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ